"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - WP(C)No.16367/2019 നമ്പർ കേസിലെ 18.05.2022 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ശ്രീമതി റ്റി.ശാന്തമ്മയ്ക്ക് പൂർണ്ണമായ സാമ്പത്തികാനുകൂല്യങ്ങൾ അനുവദിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി)വകുപ്പ്**

സ.ഉ.(കൈ) നം.1/2024/CLAD തീയതി,തിരുവനന്തപുരം, 16-02-2024

---

പരാമർശം:-

1. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ 21.12.2013-ലെ എച്ച്. ആർ. എം. പി. നം. 6969/2012 നടപടിക്രമം
2. WP(C)No.4817/2013 , WP(C)No.18356/2014 എന്നീ കേസുകളിലെ ബഹു. ഹൈക്കോടതിയുടെ 23/03/2017 ലെ വിധിന്യായം
3. സ.ഉ(കൈ) നം. 47/2018/സാം.കാ.വ. തീയതി 07.12.2018. .
4. WP(C)No.16367/2019 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 18.05.2022 ലെ വിധിന്യായം
5. സ.ഉ.(കൈ) നം.1/2023/CLAD തീയതി 12.01.2023.
6. Contempt of Court Case (Civil) No.2611/2022-ലെ 31.10.2023-ലെ ഇടക്കാല ഉത്തരവ്

**<u>ഉത്തരവ്</u>**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻ കീഴിലുള്ള വിജ്ഞാനമുദ്രണം പ്രസ്സിൽ 15 വർഷത്തിലധികമായി താൽക്കാലികമായി ജോലി ചെയ്തിരുന്ന വികലാംഗരായ 9 വനിതകളെയും 2 പുരുഷന്മാരെയും 31.03.2014 നകം സ്ഥിരപ്പെടുത്തണമെന്ന് പരാമർശം (1) പ്രകാരം കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവായിരുന്നു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ വിധി നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച റിട്ട് ഹർജിയിന്മേലുള്ള പരാമർശം (2) ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അംഗപരിമിതരായ 10 താൽക്കാലിക ജീവനക്കാരെ ഉത്തരവ് തീയതിയായ 07.02.2018 പ്രാബല്യത്തിൽ പരാമർശം (3) പ്രകാരം സ്ഥിരപ്പെടുത്തിയിരുന്നു. തുടർന്ന് ശ്രീമതി ശാന്തമ്മ ഫയൽ ചെയ്ത WP(C)No.16367/2019 നമ്പർ കേസിൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാമർശം (1), പരാമർശം (4) എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു.

2. പരാമർശം (2) ലെ ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിലെ

കാലതാമസത്തിനെതിരെ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഹർജിയിന്മേലുള്ള കോടതിയലക്ഷ്യ കേസ് (Contempt Case No.2081/2022)- ന്റെ അടിസ്ഥാനത്തിൽ ശ്രീമതി ശാന്തമ്മ ഉൾപ്പെടെയുള്ള ജീവനക്കാരെ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി പരാമർശം (3 ) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ശ്രീമതി.ശാന്തമ്മ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവനുസരിച്ച് 31/03/2014 മുതൽ മുൻ കാല പ്രബല്യംനൽകണനെന്നാവശ്യപ്പെട്ടു കൊണ്ട് സമർപ്പിച്ച റിട്ട് ഹർജിയിന്മേലുള്ള വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ 10 ജീവനക്കാരെ 31.03.2014 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി, നിലവിലുണ്ടായിരുന്ന 7 പേരുടെ സാമ്പത്തികാനുകൂല്യങ്ങൾ നോഷണലായി മാത്രം അനുവദിച്ച് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. ഇതിനെതിരെ ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസിൽ(Contempt of Court Case (Civil) No.2611/2022) ശ്രീമതി ശാന്തമ്മയ്ക്ക് 31.03.2014 മുതലുള്ള സാമ്പത്തികാനുകൂല്യങ്ങൾ പൂർണ്ണാർത്ഥത്തിൽ അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം (6) പ്രകാരം ബഹു. കേരള ഹൈക്കോടതി ഇടക്കാലവിധി പുറപ്പെടുവിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻ കീഴിലുള്ള വിജ്ഞാനമുദ്രണം പ്രസ്സിൽ എൽ. ഡി ബൈൻഡർ തസ്തികയിൽ റിട്ടയർ ചെയ്ത ഭിന്നശേഷിയുള്ള ശ്രീമതി റ്റി.ശാന്തമ്മയ്ക്ക് CoC No. 2611/2022 നമ്പർ കോടതി അലക്ഷ്യ കേസിലെ 31.10.2023 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ വെളിച്ചത്തിൽ, 31.03.2014 മുതൽ പ്രാബല്യത്തിൽ പൂർണ്ണമായ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ച് ബഹു. ഹൈക്കോടതിയുടെ WP(C)No.16367/2019 ൻ മേൽ 18.05.2022 തീയതിയിലെ വിധിന്യായം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം .
അഡ്വക്കറ്റ് ജനറൽ, കേരള ( ആമുഖ കത്ത് സഹിതം )
കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം )
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ ) കേരളം, തിരുവനന്തപുരം .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരള, തിരുവനന്തപുരം .
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം .
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തി രുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് ( 14.02.2024 ലെ അജണ്ട ഇനം നം.2063 പ്രകാരം)
ധനകാര്യ വകുപ്പ് ( 25.01.2024 തീയതിയിലെ E-2133451-EDN-C3/239/2022-FIN പ്രകാരം )
നിയമ വകുപ്പ് (09.01.2024 തീയതിയിലെ ST-I(3)/412/2023/Law പ്രകാരം)
കരുതൽ ഫയൽ (CLAD-C1/128/2019-CLAD)/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Mini.t.r.
Date: 16-02-2024 16:28:03

സെക്ഷൻ ഓഫീസർ

പകർപ്പ് :-- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സാംസ്കാരികകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
സാംസ്കാരികകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി. എ. യ്ക്ക്

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 14-02-2024**

ഫയൽ നം. സി1/128/2019/സാം.കാ.വ. ഇനം നം: 2063

വിഷയം : സാംസ്കാരികകാര്യ വകുപ്പ് - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കീഴിലുള്ള വിജ്ഞാനമുദ്രണം പ്രസ്സിൽ എൽ.ഡി. ബൈൻഡർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി. റ്റി. ശാന്തമ്മയ്ക്ക്, 31.03.2014 പ്രാബല്യത്തിൽ പൂർണ്ണമായ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

To Su
For urgent action
15/2

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.

2063

**കേരള സർക്കാർ**

**<u>ശ്രീ.പിണറായി വിജയൻ മന്ത്രിസഭ</u>**

**<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : **സി1/128/2019/സാം.കാ.വ** |
| 2 | വകുപ്പ് | : സാംസ്കാരിക കാര്യ (സി) വകുപ്പ് |
| 3 | വിഷയം | : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻ കീഴിലുള്ള വിജ്ഞാനമുദ്രണം പ്രസ്സിൽ എൽ ഡി ബൈൻഡർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി റ്റി.ശാന്തമ്മയ്ക്ക്, 31/03/2014 പ്രാബല്യത്തിൽ പൂർണമായ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 10.02.2024 |
| 5 | 1. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : അതെ |
| | 2.സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | ഉണ്ട് |
| | ഉണ്ടെങ്കിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? | : ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീ രാജേഷ് ജി ആർ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീമതി. മിനി ആന്റണി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 12.02.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വേണു വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 14.02.2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ സജി ചെറിയാൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 14.02.2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 14.02.2024 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : |

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻ കീഴിലുള്ള വിജ്ഞാനമുദ്രണം പ്രസ്സിൽ എൽ ഡി ബൈൻഡർ തസ്തികയിൽ 07.12.2018 ലെ സ.ഉ(കൈ)നം.47/2018/സാം.കാ.വ. പ്രകാരം സ്ഥിരപ്പെടുത്തിയതും 31/01/2023 തീയതിയിൽ റിട്ടയർ ചെയ്തതുമായ ഭിന്നശേഷിക്കാരിയായ ശ്രീമതി റ്റി.ശാന്തമ്മയ്ക്ക് CoC No. 2611/2022 നമ്പർ കോടതി അലക്ഷ്യ കേസിലെ 31-10-2023 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ വെളിച്ചത്തിൽ, 31/03/2014 പ്രാബല്യത്തിൽ പൂർണമായ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരിയായ ശ്രീമതി റ്റി. ശാന്തമ്മ ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)No.16367 of 2019 നമ്പർ കേസിൽ 18.05.2022 - ലെ വിധിന്യായത്തിൽ HRMP No.6969/2012 ൽ 21.12.2013 ലെ മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവനുസരിച്ച് ശ്രീമതി റ്റി. ശാന്തമ്മയുൾപ്പെടെ 10 ജീവനക്കാർക്ക് 31.03.2014 തീയതിയ്ക്കുള്ളിൽ സർവീസിൽ മുൻകാല പ്രാബല്യം നല്കണമെന്ന് ഉത്തരവായിരുന്നു .

3. പ്രസ്തുത വിധിയെ തുടർന്ന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻ കീഴിൽ വിജ്ഞാനമുദ്രണം പ്രസ്സിൽ നിലവിൽ ജോലിചെയ്തുവരുന്ന 07.12.2018 ലെ സ.ഉ(കൈ)നം.47/2018/സാം.കാ.വ. പ്രകാരം സ്ഥിരപ്പെടുത്തിയ ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് 31.03.2014 മുതൽ സർവീസിൽ മുൻകാല പ്രാബല്യം നല്കുന്ന വിഷയത്തിൽ നിയമ, ധനകാര്യ വകുപ്പുകളുടെ അഭിപ്രായം തേടിയിരുന്നു.

പ്രസ്തുത വിഷയത്തിൽ നിയമ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

" Vide judgment dated 18.5.2022 in the Hon'ble High court of Kerala disposed the writ petition, quashing Exts P7 and P8 to the extent, they direct regularization of the petitioner's service with effect from 07.12.2018.

The fact of the case is Petitioner is a physically challenged person with 40% disability. She was appointed as Binder at the Vijanamudranam press on 17.2.1998 (piece rate basis). Later the petitioner had approached the Kerala State Human Rights Commission seeking regularization and by Ext P4 order the commission directed the Government to take immediate decision and regularize the service of the petitioner and other physically challenged workers before 31.3.2014. Second respondent challenged

Ext.P4 order of the Human Rights Commission in WP(C)No. 25985/2014. Later the second respondent withdraw its writ petition.

Government, rejecting her request for regularization the petitioner filed WP(C)No.4817/2013. In this case the Hon'ble court ordered, directing the respondents to implement the directions in Ext.P4 order of the Human Rights Commission. The direction in Ext P6 Judgment was implemented vide Ext.P7 order dated 7.12.2018, regularizing the service of the petitioner and others with effect from the date of the order. Against this petitioner filed WP(C)No.16367/2019.

In this case the second respondent had appointed the petitioner on pay scale basis with effect from 2.2.2009 onwards. The more important aspect is the direction of the Human Rights Commission to regularize the petitioners service before 31.3.2014, followed by the Judgment of the Court to give effect to that direction. In such circumstances Government was bound to regularize the petitioners service with effect from 31.3.2014. Hence, the order of the Hon'ble High Court in WP(C)No.16367/2019 dated 18.5.2022 is reasoned and speaking order and there is no scope for successful Appeal".

4) ടി വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരവും അഭിപ്രായപ്പെട്ടു.

"ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിനെതിരെ വിജയകരമായ അപ്പീലിന് സാധ്യതയില്ലെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്ന സാഹചര്യത്തിലും പരാതിക്കാരിയെ സർവീസിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ള ബഹു. ഹൈക്കോടതിയുടെ ആദ്യ വിധിന്യായത്തിനെതിരെ സർക്കാർ അപ്പീൽ സമർപ്പിച്ചിട്ടില്ല എന്ന വസ്തുത പരിഗണിച്ചും ശ്രീമതി.ശാന്തമ്മയുടെ സ്ഥിരപ്പെടുത്തലിന് 31/03/2014 മുതൽ മുൻകാല പ്രാബല്യം നൽകി കോടതി വിധി നടപ്പിലാക്കുന്നതിന് അനുമതി നൽകാവുന്നതാണ്. മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ നോഷണലായി മാത്രമേ അനുവദിക്കുകയുള്ളുവെന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്യേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."

5) എന്നാൽ ടി കേസിൽ ശ്രീമതി ശാന്തമ്മ മാത്രമാണ് കക്ഷിയായിട്ടുള്ളത് എന്നത് കണക്കിലെടുത്തു മുൻകാലപ്രാബല്യം നൽകുന്നത് ടിയാൾക്കു മാത്രമായി പരിമിതപ്പെടുത്തേണ്ടതുണ്ടോ അതോ മേൽ സർക്കാർ ഉത്തരവ് പ്രകാരം റെഗുലറൈസ് ചെയ്തിട്ടുള്ള ബാക്കി 9 പേരെയും കൂടി മുൻകാല പ്രാബല്യത്തോടെ റെഗുലറൈസ് ചെയ്യാമോ എന്നതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ആ വകുപ്പ് ചുവടെ ചേർക്കുന്ന പ്രകാരം അഭിപ്രായം നൽകുകയും ചെയ്തിരുന്നു.

" WP(C)No.16367 of 2019 നമ്പർ കേസിൽ ശ്രീമതി ശാന്തമ്മ മാത്രമാണ് കക്ഷിയായിട്ടുള്ളത് എന്നതിനാൽ, G.O(Ms) 47/2018/CLAD dated 07/12/2018 പ്രകാരം സ്ഥിരപ്പെടുത്തിയ മറ്റ 9 പേരും WP(C)No.16367 of 2019 നമ്പർ കേസിലെ 18.05.2022-ലെ വിധിന്യായത്തിന്റെ പരിധിയിൽ വരുമോ എന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം ആരായുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു"

6) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ നിയമവകുപ്പിന്റെ അഭിപ്രായത്തിനായി വീണ്ടും അയച്ചപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

"ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ 15 വർഷത്തിലധികമായി ജോലി ചെയ്യുന്ന ഭിന്നശേഷി ജീവനക്കാരെ സ്ഥിരപ്പെടുത്താത്തത് നീതിനിഷേധവും മനുഷ്യാവകാശ ലംഘനവുമാണെന്നും ആയതിനാൽ 31.03.2014 നകം ടി ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്നും മനുഷ്യാവകാശ കമ്മീഷൻ 21.12.2013 ലെ HRMP No.6969/2013 ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. മനുഷ്യാവകാശ കമ്മീഷന്റെ വിധി നടപ്പിലാക്കണമെന്നാവശ്യപ്പെട്ടാണ് ജീവനക്കാർ ബഹു.ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജികൾ 4817/2013, 18356/2014 ഫയൽ ചെയ്തിരുന്നത്. പ്രസ്തുത കേസുകളിൽ 23.03.2017 ൽ പുറപ്പെടുവിച്ച വിധിയിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന മനുഷ്യാവകാശകമ്മീഷന്റെ മേൽ ഉത്തരവ് എത്രയും വേഗം നടപ്പിലാക്കാനായിരുന്നു ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിരുന്നത്.

Ajaykymar Shukla Vs. Aravinda Rai & Ors. (Civil Appeal No.59/66/2021 of High Court reference page 37) എന്ന ഉത്തരവ് പ്രകാരം സമാന കേസുകളിൽ നിൽക്കുന്ന കക്ഷികൾക്കും സർവ്വീസിൽ മുൻകാല പ്രാബല്യം നൽകാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുള്ളതാകുന്നു. ആയതിനാൽ WP(C)No.16367/2019 കേസിൽ ശ്രീമതി.ശാന്തമ്മ മാത്രമാണ് കക്ഷിയായിട്ടുള്ളത് എങ്കിലും കോടതി ഉത്തരവ് പാലിച്ചുകൊണ്ട് G.O(MS)47/2018/CLAD dated 07.12.2018 പ്രകാരം സ്ഥിരപ്പെടുത്തിയ മറ്റ് 9 പേരും 18.05.2022 ലെ വിധിന്യായത്തിന്റെ പരിധിയിൽ വരും എന്നും ടി ജീവനക്കാർക്ക് കൂടി 31.03.2014 മുതൽ സർവ്വീസിൽ മുൻകാല പ്രാബല്യം നൽകാവുന്നതാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്" .

7) എന്നാൽ WP(C)No.16367/2019 ൽ 18.05.2022 ലെ വിധിന്യായം പാലിക്കുന്നില്ലെന്ന് ആരോപിച്ച് ഹർജിക്കാരി ശ്രീമതി ശാന്തമ്മ കോടതിയലക്ഷ്യ കേസ് സിവിൽ നമ്പർ 2611/2022 ഫയൽ ചെയ്തു.

8) ശ്രീമതി ശാന്തമ്മയുടെ നിയമനത്തിന് 31.03.2014 മുതൽ മുൻകാല പ്രാബല്യം നല്കണമെന്ന ബഹു.ഹൈക്കോടതി വിധി നടപ്പിലാക്കുകയല്ലാതെ മറ്റ് മാർഗ്ഗങ്ങളൊന്നും ഇല്ലായെന്ന നിയമ ധനകാര്യ വകുപ്പുകളുടെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻ കീഴിൽ വിജ്ഞാനമുദ്രണം പ്രസ്സിൽ നിലവിൽ ജോലിചെയ്തുവരുന്നതും 07.12.2018 ലെ സ.ഉ(കൈ)നം.47/2018/സാം.കാ.വ. പ്രകാരം സ്ഥിരപ്പെടുത്തിയതുമായ ശാന്തമ്മയുൾപ്പെടെയുള്ള ഭിന്നശേഷിക്കാരായ 10 ജീവനക്കാർക്ക് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 31.03.2014 മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി നിലവിലുണ്ടായിരുന്ന തസ്തികകളിൽ സ്ഥിരപ്പെടുത്തിയ 10 പേരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ നോഷണലായി മാത്രം അനുവദിച്ച് 12.01.2023 ലെ സ.ഉ(കൈ)നം.1/2023/സാം.കാ.വ. ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

9) 31/03/2014 മുതൽ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകി സ്ഥിരപ്പെടുത്തണമെന്ന EXT P4 (HRMP No. 6969/12 ലെ 21/12/2013 ലെ) ഉത്തരവ് പാലിക്കണമെന്ന Ext P6 വിധിന്യായം പാലിക്കണമെന്ന (WP(C)No.16367 of 2019 നമ്പർ കേസിൽ 18.05.2022-ൽ പുറപ്പെടുവിച്ച വിധിന്യായം) COC No.2611/2022 ലെ 31-10-2023 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ വെളിച്ചത്തിൽ, പരാതിക്കാരിയ്ക്ക് പൂർണമായ സാമ്പത്തിക ആനുകൂല്യങ്ങൾ നല്കി Exhibit P4, P6 വിധികൾ നടപ്പാക്കുന്നത് സംബന്ധിച്ച് ധന വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ജീവനക്കാരെ മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് കേരള സർവീസ് ചട്ടങ്ങളിൽ പരാമർശങ്ങളില്ല. കൂടാതെ 03.03.2018 ലെ സ.ഉ.(പി)നം.31/2018/ധന ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ, പൊതു മേഖല സ്ഥാപനങ്ങൾ, സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് ജീവനക്കാർക്ക് ശമ്പളം, പെൻഷൻ എന്നിവ നൽകുന്ന സ്ഥാപനങ്ങൾ എന്നിവയിൽ ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമപ്രകാരം താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ടി സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രമാണ് പ്രാബല്യം നൽകിവരുന്നത്. കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഒരു ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനമാണ്. സർക്കാർ ഗ്രാന്റിൽ ആണ് സ്ഥാപനം പ്രവർത്തിച്ചു വരുന്നത്. ശ്രീമതി. റ്റി.ശാന്തമ്മയ്ക്ക് 3/3/2014 മുതൽ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുമ്പോൾ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകും. ടി ബാധ്യത ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിനു വഹിക്കാൻ സാധിക്കില്ല. ഇത്തരം രീതിയിൽ മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ നോഷണലായി മാത്രമേ അനുവദിക്കുകയുള്ളുവെന്ന് ഉത്തരവിൽ

വ്യവസ്ഥ ചെയ്യേണ്ടതാണെന്നും ധനവകുപ്പ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത് ടി സാമ്പത്തിക വശം പരിശോധിച്ചാണ് എന്ന വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു".

10) COC NO.2611/2022 നമ്പർ കോടതി അലക്ഷ്യ കേസിലെ 31-10-2023 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ വെളിച്ചത്തിൽ, പൂർണമായ സാമ്പത്തിക ആനുകൂല്യങ്ങൾ നല്കി Exhibit P4, P6 വിധികൾ നടപ്പാക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഒരിക്കൽ കൂടി ആരാഞ്ഞിരുന്നു. ധന വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

WP(C)No.16367/2019 നമ്പരായുള്ള കേസിലെ 18.05.2022 പുറപ്പെടുവിച്ച വിധിന്യായത്തിന്മേൽ 24.09.2023 തീയതിയിലെ ധനകാര്യ വകുപ്പിന്റെ മുൻ നിലപാടിൽ ഉറച്ചു നിൽക്കുന്നു എന്ന വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു".

11) ഇപ്പോൾ ഫയൽ ചെയ്യപ്പെട്ടിരിക്കുന്ന കോടതിയലക്ഷ്യ കേസിന്റെ വെളിച്ചത്തിൽ മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവും ഹൈക്കോടതി വിധിയും പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കാൻ ഭരണ വകുപ്പ് നിർബന്ധിതമായിരിക്കുകയാണ്. ഒരു നീണ്ട കാലയളവിന് ശേഷം ഇതിനെതിരെ അപ്പീൽ ഫയൽ ചെയ്യാനും നിർവാഹമില്ല.

12) മേൽ വിവരിച്ച സാഹചര്യങ്ങളിൽ മനുഷ്യാവകാശ കമ്മീഷന്റെയും ബഹു. ഹൈക്കോടതിയുടെയും ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നും ഒരു പ്രത്യേക കേസായി പരിഗണിച്ചും പൂർണമായ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ് പ്രായോഗികമായി സ്വീകരിക്കാവുന്ന സമീപനം എന്ന് കണ്ട് ഈ വിഷയം 20.12.2023 ന് ചേർന്ന മന്ത്രിസഭാ യോഗം ഇനം നം. 1948 ആയി പരിഗണിക്കുകയും നിയമ ധനകാര്യ വകുപ്പുകളുമായി വീണ്ടും കൂടിയാലോചിച്ച ശേഷം പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തു.

13) അതിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ആ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു.

"ബഹുമാനപെട്ട കേരള ഹൈക്കോടതിയുടെ WP(C).16367/2019 - ലെ 18-05-2022 ലെ വിധിപ്രകാരം ശ്രീമതി ശാന്തമ്മയുടെ സേവനകാലാവധി 31/03/2014 മുതൽ ക്രമീകരിച്ച് നൽകാനും സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ HRMP 6969/2012 ലെ ഉത്തരവ് പൂർണ്ണമായി നടപ്പാക്കാനുമാണ് ഉത്തരമായിട്ടുള്ളത്. ആയത് പ്രകാരം ഉത്തരവ് നടപ്പാക്കുമ്പോൾ Ajaykumar v.

Aravinda Rai and Ors (CA 69/66/2021) എന്ന വിധിന്യായ പ്രകാരം സമാനരീതിയിൽ ജോലിചെയ്യുന്ന മറ്റ് 9 പേർക്കും ഉത്തരവ് ബാധകമാണെന്നും 31-03-2014 മുതൽ അവർക്കും വിധിയുടെ ആനുകൂല്യം നൽകാവുന്നതാണെന്നും ഈ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ ഭരണവകുപ്പ് ബഹുമാനപെട്ട കേരള ഹൈക്കോടതിയുടെ WP(C) 16367/2019 യിലെ 18-05-2022 ലെ വിധി letter and spirit- ൽ നടപ്പാക്കിയതായി കാണുന്നില്ല. ആയതിനാലാണ് Contempt Case (CoC.2611/2022) ബഹുമാനപെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിൽ നിലവിലുള്ളത്.

" Kerala State and Subordinate Services Rules ലെ ചട്ടം 39 ന്റെ ക്ലിപ്ത നിബന്ധന പ്രകാരം സർക്കാർ ഉത്തരവ് പ്രകാരം നിയമിതരാകുന്ന ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ തടയുന്ന രീതിയിലുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാൻ പാടുള്ളതല്ല (Provided that where such rules or orders are applicable to the case of any person or persons, the case shall not be dealt with in any manner less favourable to him or them than that provided by those rules or orders). കൂടാതെ ദീർഘകാലമായി ജോലിനോക്കി വരുന്ന ഒരു ജീവനക്കാരന്റെ അവകാശമാണ് പെൻഷനും മറ്റ് സേവന ആനുകൂല്യങ്ങളും എന്ന് സുപ്രീം കോടതി Sukumaran v. 'State of Kerala and Ors( 2020(8) SCC 1061) എന്ന കേസിൽ നിരീക്ഷിച്ചിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ ബഹുമാനപെട്ട കേരള ഹൈക്കോടതിയുടെ WP(C). 16367/2019 നമ്പർ കേസിലെ 18-05-2022 ലെ വിധിപ്രകാരം ശ്രീമതി ശാന്തമ്മയുടെ സേവനകാലാവധി 31/03/2014 മുതൽ ക്രമീകരിച്ച് പൂർണ്ണമായും സാമ്പത്തിക ആനുകൂല്യങ്ങൾ നല്കുന്നതിന് നിയമ തടസ്സമില്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു" .

14) ഈ വിഷയത്തിൽ ധനവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

“03.03.2018.ലെ സ.ഉ(പി )31/2018/ധന നമ്പർ ഉത്തരവിൽ, സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഗ്രാന്റ് ഉപയോഗിച്ച ജീവനക്കാർക്ക് ശമ്പളം, പെൻഷൻ എന്നിവ നൽകുന്ന സ്ഥാപനങ്ങൾ എന്നിവയിൽ, ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമ പ്രകാരം താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ, ടി സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണ് എന്നും ഉദ്യോഗക്കയറ്റം, പെൻഷൻ, മറ്റ് സേവനാനുകൂല്യങ്ങൾ മുതലായ ഒന്നിനും സ്ഥിരപ്പെടുത്തുന്ന തീയതിയ്ക്ക് മുൻപുള്ള സേവനകാലം പരിഗണിക്കുന്നതല്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ, താത്ക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തലിനു മുൻകാല പ്രാബല്യം

അനുവദിക്കുവാൻ കഴിയുന്നതല്ല. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരിയായ ശ്രീമതി ടി .ശാന്തമ്മ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)No.16367 of 2019 നമ്പർ കേസ്സിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാരിയുടെ സ്ഥിര നിയമനത്തിനു മുൻകാല പ്രാബല്യം നൽകുന്ന ഭരണവകുപ്പ് ശുപാർശയിന്മേൽ ഇ. നം . 2133451(സാം ക വ –സി1//128/2019–സാം ക വ) നമ്പരായുള്ള ഫയലിലെ 24.09.2023 തീയതിയിലെ അഭിപ്രായത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം ധനകാര്യ വകുപ്പിന്റെ മുൻ നിലപാടിൽ ഉറച്ച് നിൽക്കുന്നു. ബഹുമാനപെട്ട കേരള ഹൈക്കോടതിയുടെ WP(C)16367/2019 നമ്പർ കേസിലെ 18-05-2022 ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാനും ഇതോടൊപ്പം ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നു."

15) നിയമ വകുപ്പിന്റെ അഭിപ്രായം കണക്കിലെടുത്തും ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് കൊണ്ടും ശ്രീമതി റ്റി.ശാന്തമ്മയ്ക്ക് 31/03/2024 മുതൽ പ്രാബല്യത്തിൽ പൂർണ്ണമായ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച തീരുമാനത്തിനായി 20/12/2023 തീയതിയിലെ മന്ത്രിസഭാ യോഗത്തിന്റെ ഇനം. 1948 പ്രകാരമുള്ള തീരുമാന പ്രകാരം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനക്ക് സമർപ്പിക്കാമോ എന്നത് സംബന്ധിച്ച് ഉത്തരവിനായി ബഹു. സാംസ്കാരികകാര്യ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ഫയൽ സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി വീണ്ടും ഉത്തരവായിട്ടുണ്ട്.

**തീരുമാനമെടുക്കേണ്ട വിഷയം**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻ കീഴിലുള്ള വിജ്ഞാനമുദ്രണം പ്രസ്സിൽ എൽ. ഡി ബൈൻഡർ തസ്തികയിൽ റിട്ടയർ ചെയ്ത ഭിന്നശേഷിയുള്ള ശ്രീമതി റ്റി.ശാന്തമ്മയ്ക്ക് CoC No. 2611/2022 നമ്പർ കോടതി അലക്ഷ്യ കേസിലെ 31-10-2023 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ വെളിച്ചത്തിൽ, നിയമ വകുപ്പിന്റെ അഭിപ്രായം കണക്കിലെടുത്തും ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നു കൊണ്ടും 31/03/2014 മുതൽ പ്രാബല്യത്തിൽ പൂർണ്ണമായ സാമ്പത്തിക ആനുകൂല്യങ്ങൾ നല്കി ബഹു. ഹൈക്കോടതിയുടെ WP(C)No.16367/2019 ൻ മേൽ 18.05.2022 തീയതിയിലെ ഉത്തരവ് പൂർണ്ണ അർത്ഥത്തിൽ നടപ്പിൽ വരുത്താവുന്നതാണോ?

**GOVERNMENT OF KERALA**
**(SHRI. PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1 | File No | : | **C1/128/2019/CLAD** |
| 2 | Department | : | Cultural Affairs (C) Department |
| 3 | Subject | : | Sanctioning of full monetory benefits with effect from 31/03/2014 in respect of Smt. T. Santhamma, L.D Binder(Rtd.) Vijnanamudranam Press/State Institute of Languages |
| 4 | Date of Chief Minister's Order for placing before the Council | : | 10.02.2024 |
| 5 | Does the case involve financial commitments/implications and if so, has the Finance Department been consulted and their remarks incorporated in the Note for the Council? | : | Yes<br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | : | Yes<br>Yes |
| 7 | Name of Additional Secretary who submitted the Draft Note | : | Sri. Rajesh G. R |
| 8 | Name of Secretary who approved the Draft Note | : | Smt. Mini Antony |
| 9 | Date of approval of the Draft Note for the Council by the Secretary | : | 12.02.2024 |
| 10 | Name of Chief Secretary who approved the Draft Note | : | Dr. Venu V |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 14.02.2024 |
| 12 | Name of Minister who approved the Draft Note | : | Sri Saji Cheriyan |
| 13 | Date of approval of the Draft Note for the Council by the Minister | : | 14.02.2024 |
| 14 | Date of submission of fair copies | : | 14.02.2024 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./Letter communicating the decision | : | |

**Note for Council of Ministers**

This note deals with sanctioning of full monetory benefits with effect from 31/03/2014 in respect of Smt. T. Santhamma, L.D Binder(Rtd./differently abled person), who was regularised as per GO(Ms.)No. 47/2018/CLAD dated 07.12.2018 in the post of LD Binder, in the State Institute of Languages and retired from service on 31/01/2023, in the light of interim order dated 31-10-2023 of the Hon'ble High Court of Kerala in Contempt Case No. 2611/2022.

2. In the judgment dated 18.05.2022 in W.P(C)No.16367 of 2019 filed by Smt. T. Santhamma, who was working in Vijnanamudranam Press, State Institute of Languages, the Hon'ble High Court has directed to comply with the order of the State Human Rights Commission in HRMP No.6969/2012 dated 21.12.2013 on regularising the service of 10 persons including Smt.T.Santhamma at least within 31/03/2014.

3. The Administrative Department sought the remarks of Law Department and Finance Department in the matter of giving retrospective effect from 31.03.2014 for the regularisation of disabled employees working in Vijnanamudranam Press under State Institute of Languages and who were regularised in service vide G O (MS) No.47/2018/ CLAD dated 07.12.2018.

Law Department was opined in the matter as follows.

"Vide judgment dated 18.5.2022 the Hon'ble High court of Kerala disposed the writ petition, quashing Exts P7 and P8 to the extent, they direct regularization of the petitioner's service with effect from 07.12.2018.

The fact of the case is Petitioner is a physically challenged person with 40% disability. She was appointed as Binder at the Vijnanamudranam press on 17.2.1998 (piece rate basis). Later the petitioner had approached the Kerala State Human Rights Commission seeking regularization and by Ext P4 order the commission directed the

Government to take immediate decision and regularize the service of the petitioner and other physically challenged workers before 31.3.2014. Second respondent challenged Ext.P4 order of the Human Rights Commission in WP(C)No. 25985/2014. Later the second respondent withdraw its writ petition.

Government, rejecting her request for regularization the petitioner filed WP(C)No.4817/2013. In this case the Hon'ble court ordered, directing the respondents to implement the directions in Ext.P4 order of the Human Rights Commission. The direction in Ext P6 Judgment was implemented vide Ext.P7 order dated 7.12.2018, regularizing the service of the petitioner and others with effect from the date of the order. Against this petitioner filed WP(C)No.16367/2019.

In this case the second respondent had appointed the petitioner on pay scale basis with effect from 2.2.2009 onwards. The more important aspect is the direction of the Human Rights Commission to regularize the petitioners service before 31.3.2014, followed by the Judgment of the Court to give effect to that direction. In such circumstances Government was bound to regularize the petitioners service with effect from 31.3.2014. Hence, the order of the Hon'ble High Court in WP(C)No.16367/2019 dated 18.5.2022 is reasoned and speaking order and there is no scope for successful Appeal."

4) The Finance Department was opined as follows.

" ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിനെതിരെ വിജയകരമായ അപ്പീലിന് സാധ്യതയില്ലെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്ന സാഹചര്യത്തിലും പരാതിക്കാരിയെ സർവീസിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ള ബഹു. ഹൈക്കോടതിയുടെ ആദ്യ വിധിന്യായത്തിനെതിരെ സർക്കാർ അപ്പീൽ സമർപ്പിച്ചിട്ടില്ല എന്ന വസ്തുത പരിഗണിച്ചും ശ്രീമതി.ശാന്തമ്മയുടെ സ്ഥിരപ്പെടുത്തലിന് 31/03/2014 മുതൽ മുൻകാല പ്രാബല്യം നൽകി കോടതി വിധി നടപ്പിലാക്കുന്നതിന് അനുമതി നൽകാവുന്നതാണ്. മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന്റെ

അടിസ്ഥാനത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ നോഷണലായി മാത്രമേ അനുവദിക്കുകയുള്ളുവെന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്യേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു".

5) But, taking into account the fact that Smt. Santhamma is the only respondent in this case, whether the grant of retrospective effect should be limited to Smt. Santhamma only or whether the other 9 employees who have been regularised as per the Government Order can also be regularised with retrospective effect, the view of Finance Department is appended below

" WP(C)No.16367 of 2019 നമ്പർ കേസിൽ ശ്രീമതി ശാന്തമ്മ മാത്രമാണ് കക്ഷിയായിട്ടുള്ളത് എന്നതിനാൽ, G.O(Ms) 47/2018/CLAD dated 07/12/2018 പ്രകാരം സ്ഥിരപ്പെടുത്തിയ മറ്റു 9 പേരും WP(C)No.16367 of 2019 നമ്പർ കേസിലെ 18.05.2022-ലെ വിധിന്യായത്തിന്റെ പരിധിയിൽ വരുമോ എന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം ആരായുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു."

6) As per the remarks of Finance Department, Administrative Department again sought the opinion of Law department. That department has opined as follows.

"ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ 15 വർഷത്തിലധികമായി ജോലി ചെയ്യുന്ന ഭിന്നശേഷി ജീവനക്കാരെ സ്ഥിരപ്പെടുത്താത്തത് നീതിനിഷേധവും മനുഷ്യാവകാശ ലംഘനവുമാണെന്നും ആയതിനാൽ 31.03.2014 നകം ടി ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്നും മനുഷ്യാവകാശ കമ്മീഷൻ 21.12.2013 ലെ HRMP No.6969/2012 ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. മനുഷ്യാവകാശ കമ്മീഷന്റെ വിധി നടപ്പിലാക്കണമെന്നാവശ്യപ്പെട്ടാണ് ജീവനക്കാർ ബഹു.ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജികൾ 4817/2013, 18356/2014 ഫയൽ ചെയ്തിരുന്നത്. പ്രസ്തുത കേസുകളിൽ 23.03.2017 ൽ പുറപ്പെടുവിച്ച വിധിയിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന മനുഷ്യാവകാശകമ്മീഷന്റെ മേൽ ഉത്തരവ് എത്രയും വേഗം നടപ്പിലാക്കാനായിരുന്നു ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിരുന്നത്.

Ajaykumar Shukla Vs. Aravinda Rai & Ors. (Civil Appeal No.59/66/2021 of High Court reference page 37) എന്ന ഉത്തരവ് പ്രകാരം സമാന കേസുകളിൽ നിൽക്കുന്ന കക്ഷികൾക്കും സർവ്വീസിൽ മുൻകാല പ്രാബല്യം നൽകാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുള്ളതാകുന്നു. ആയതിനാൽ WP(C)No.16367/2019 കേസിൽ ശ്രീമതി.ശാന്തമ്മ മാത്രമാണ് കക്ഷിയായിട്ടുള്ളത് എങ്കിലും കോടതി

ഉത്തരവ് പാലിച്ചുകൊണ്ട് G.O(MS)47/2018/CLAD dated 07.12.2018 പ്രകാരം സ്ഥിരപ്പെട്ടുത്തിയ മറ്റ് 9 പേരും 18.05.2022 ലെ വിധിന്യായത്തിന്റെ പരിധിയിൽ വരും എന്നും ടി ജീവനക്കാർക്ക് കൂടി 31.03.2014 മുതൽ സർവ്വീസിൽ മുൻകാല പ്രാബല്യം നൽകാവുന്നതാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്" .

7) But the Petitioner Smt. Santhamma filed Contempt of Court Case (Civil) No. 2611/2022 alleging noncompliance of the judgment dated 18.05.2022 in WP( C ) നം. 16367/2019

8) On the basis of the opinion of Law and Finance department that there is no scope for appeal other than compliance of the judgment, the matter was placed before the cabinet and as per the decision of the cabinet, orders were issued vide GO(Ms) No.1/2023/CLAD dated 12.01.2023, regularising 10 employees including Smt T Santhamma with retrospective effect from 31.3.2014 on condition that the financial benefits will be notional.

9) The remarks of Finance Department on sanctioning full monetory benefits to the petitioner in compliance of order in WP(C) No.16367/2019 dated 18.05.2022 in which the court has ordered to comply with the order in Ext. P4 and P6 is as follows.

"ജീവനക്കാരെ മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെട്ടുത്തുന്നത് സംബന്ധിച്ച് കേരള സർവീസ് ചട്ടങ്ങളിൽ പരാമർശങ്ങളില്ല. കൂടാതെ 03.03.2018 ലെ സ.ഉ.(പി)നം.31/2018/ധന ഉത്തരവ് പ്രകാരം സർക്കാർ വകപ്പുകൾ, അർദ്ധ സർക്കാർ, പൊതു മേഖല സ്ഥാപനങ്ങൾ, സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് ജീവനക്കാർക്ക് ശമ്പളം, പെൻഷൻ എന്നിവ നൽകുന്ന സ്ഥാപനങ്ങൾ എന്നിവയിൽ ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമപ്രകാരം താത്കാലിക ജീവനക്കാരെ സ്ഥിരപ്പെട്ടുത്തുകയാണെങ്കിൽ ടി സ്ഥിരപ്പെട്ടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രമാണ് പ്രാബല്യം നൽകിവരുന്നത്. കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഒരു ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനമാണ്. സർക്കാർ ഗ്രാന്റിൽ ആണ് സ്ഥാപനം പ്രവർത്തിച്ച വരുന്നത്. ശ്രീമതി. റ്റി.ശാന്തമ്മയ്ക്ക് 31/3/2014 മുതൽ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുമ്പോൾ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകും. ടി ബാധ്യത ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിനു വഹിക്കാൻ സാധിക്കില്ല.

ഇത്തരം രീതിയിൽ മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ നോഷണലായി മാത്രമേ അനുവദിക്കുകയുള്ളൂവെന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്യേണ്ടതാണെന്നും ധനവകുപ്പ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത് ടി സാമ്പത്തിക വശം പരിശോധിച്ചാണ് എന്ന വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു".

10) Again Administrative department have sought the opinion of Finance Department regarding the compliance of Ext P4,P6 orders by sanctioning full monetory benefits to the petitioners in view of the the order dated 31.10.2023 of the Hon'ble High Court in COC No.2611/2022. That department opined as follows.

'WP(C)No.16367/2019 നമ്പരായുള്ള കേസിലെ 18.05.2022 പുറപ്പെടുവിച്ച വിധിന്യായത്തിന്മേൽ 24.09.2023 തീയതിയിലെ ധനകാര്യ വകുപ്പിന്റെ മുൻ നിലപാടിൽ ഉറച്ചു നിൽക്കുന്നു എന്ന വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു".

11) In view of the contempt case Administrative Department is bound to implement both order of the Human Rights Commission and Hon'ble High Court in letter and spirit. There is no scope to go for appeal at this distance of time.

12) On the basis of the order of Human Rights Commission and Hon'ble High Court, the practical approach is to sanction monetory benefits as a special case by overruling the remarks of Finance Department, the meeting of the council of ministers held on 20.12.2023 vide item No.1948 considered the matter and decided to submit revised note after consulting the Law and Finance departments again.

13) When the opinion of Law Department was sought based on the above that department opined as follows.

"ബഹുമാനപെട്ട കേരള ഹൈക്കോടതിയുടെ WP(C).16367/2019 - ലെ 18-05-2022 ലെ വിധിപ്രകാരം ശ്രീമതി ശാന്തമ്മയുടെ സേവനകാലാവധി 31/03/2014 മുതൽ ക്രമീകരിച്ച് നൽകാനും സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ HRMP 6969/2012 ലെ ഉത്തരവ് പൂർണ്ണമായി നടപ്പാക്കാനുമാണ് ഉത്തരമായിട്ടുള്ളത്. ആയത് പ്രകാരം ഉത്തരവ് നടപ്പാക്കുമ്പോൾ Ajaykumar v. Aravinda Rai and Ors (CA 69/66/2021) എന്ന വിധിന്യായ പ്രകാരം സമാനരീതിയിൽ ജോലിചെയ്യുന്ന

മറ്റ് 9 പേർക്കും ഉത്തരവ് ബാധകമാണെന്നും 31-03-2014 മുതൽ അവർക്കും വിധിയുടെ ആനുകൂല്യം നൽകാവുന്നതാണെന്നും ഈ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ ഭരണവകുപ്പ് ബഹുമാനപെട്ട കേരള ഹൈക്കോടതിയുടെ WP(C) 16367/2019 യിലെ 18-05-2022 ലെ വിധി letter and spirit- ൽ നടപ്പാക്കിയതായി കാണുന്നില്ല. ആയതിനാലാണ് Contempt Case (CoC.2611/2022) ബഹുമാനപെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിൽ നിലവിലുള്ളത്. -

" Kerala State and Subordinate Services Rules ലെ ചട്ടം 39 ന്റെ ക്ലിപ്ത നിബന്ധന പ്രകാരം സർക്കാർ ഉത്തരവ് പ്രകാരം നിയമിതരാകുന്ന ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ തടയുന്ന രീതിയിലുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാൻ പാടുള്ളതല്ല (Provided that where such rules or orders are applicable to the case of any person or persons, the case shall not be dealt with in any manner less favourable to him or them than that provided by those rules or orders). കൂടാതെ ദീർഘകാലമായി ജോലിനോക്കി വരുന്ന ഒരു ജീവനക്കാരന്റെ അവകാശമാണ് പെൻഷനും മറ്റ് സേവന ആനുകൂല്യങ്ങളും എന്ന് സുപ്രീം കോടതി Sukumaran v. State of Kerala and Ors( 2020(8) SCC 1061) എന്ന കേസിൽ നിരീക്ഷിച്ചിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ ബഹുമാനപെട്ട കേരള ഹൈക്കോടതിയുടെ WP(C). 16367/2019 നമ്പർ കേസിലെ 18-05-2022 ലെ വിധിപ്രകാരം ശ്രീമതി ശാന്തമ്മയുടെ സേവനകാലാവധി 31/03/2014 മുതൽ ക്രമീകരിച്ച് പൂർണ്ണമായും സാമ്പത്തിക ആനുകൂല്യങ്ങൾ നല്കുന്നതിന് നിയമ തടസ്സമില്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു" .

14) The remarks of Finance Department is appended below.

“03.03.2018.ലെ സ.ഉ(പി )31/2018/ധന നമ്പർ ഉത്തരവിൽ, സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഗ്രാന്റ് ഉപയോഗിച്ച ജീവനക്കാർക്ക് ശമ്പളം, പെൻഷൻ എന്നിവ നൽകുന്ന സ്ഥാപനങ്ങൾ എന്നിവയിൽ, ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമ പ്രകാരം താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ, ടി സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണ് എന്നും ഉദ്യോഗക്കയറ്റം, പെൻഷൻ, മറ്റ് സേവനാനുകൂല്യങ്ങൾ മുതലായ ഒന്നിനും സ്ഥിരപ്പെടുത്തുന്ന തീയതിയ്ക്ക് മുൻപുള്ള സേവനകാലം പരിഗണിക്കുന്നതല്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ, താത്ക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തലിനു മുൻകാല പ്രാബല്യം അനുവദിക്കുവാൻ കഴിയുന്നതല്ല. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരിയായ ശ്രീമതി ടി .ശാന്തമ്മ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)No.16367 of 2019 നമ്പർ കേസ്സിലെ

വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാരിയുടെ സ്ഥിര നിയമനത്തിനു മുൻകാല പ്രാബല്യം നൽകുന്ന ഭരണവകുപ്പ് ശുപാർശയിന്മേൽ ഇ. നം . 2133451(സാം ക വ –സി1//128/2019–സാം ക വ) നമ്പരായുള്ള ഫയലിലെ 24.09.2023 തീയതിയിലെ അഭിപ്രായത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം ധനകാര്യ വകുപ്പിന്റെ മുൻ നിലപാടിൽ ഉറച്ച് നിൽക്കുന്നു. ബഹുമാനപെട്ട കേരള ഹൈക്കോടതിയുടെ WP(C)16367/2019 നമ്പർ കേസിലെ 18-05-2022 ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാനും ഇതോടൊപ്പം ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നു."

13) As per the cabinet decision item No.1948 dated 20.12.2023 the file was submitted for orders to Hon'ble Chief Minister through Hon,ble Minister(Culture), whether full monetory benefits may be sanctioned to Smt.T.Santhamma w.e.f 31.03.2014 considering the opinion of Law Department and by overruling the remarks of Finance Department the Hon'ble Chief Minister has ordered to place the matter before before the Council of Ministers.

**Points for Decision**

Whether order of Hon'ble High Court in WP(C)No.16367/2019 dated 18.5.2022 may be complied with in letter and spirit sanctioning full monetory benefits w.e.f. 31.3.2014 in respect of Smt. T Santhamma, LD Binder (Retired/disabled), Vijnanamudranam Press, State Institute of Languages in order to avoid contempt of court proceedings as per interim order of Hon'ble High Court in COC No.2611/2022 dated 31.10.2023 considering the opinion of Law Department and by overruling the remarks of Finance Department?